**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2221** | **23.03.2012 -ൽ മറുപടിയ്ക്ക്** |
|---|---|
| **തന്റേടം ജൻഡർ പാർക്ക് ഫെസ്റ്റ്** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ.റ്റി.വി. രാജേഷ്** | **ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)** |
| തന്റേടം ജൻഡർ ഫെസ്റ്റ് 2012 എവിടെവച്ചാണ് നടത്തുന്നത്; ഇത് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ? | സ്ത്രീകളുടെ സമസ്ത പുരോഗതി ലക്ഷ്യമിട്ടുകൊണ്ട് ആരംഭിക്കുന്ന പദ്ധതിയാണ് തന്റേടം ജൻഡർ പാർക്ക് സാമൂഹ്യക്ഷേമ വകുപ്പ് ഇതരവകുപ്പുകളുടെ സഹകരണ-ത്തോടെ കോഴിക്കോട് വെള്ളിമാട്കുന്നിലാണ് ഈ പദ്ധതി ആരംഭിക്കുന്നത്. തന്റേടം ജൻഡർ പാർക്കിന്റെ ശിലാസ്ഥാപനത്തോടനുബന്ധിച്ച് 2012 മാർച്ച് 8 മുതൽ 17 വരെ 'തന്റേടം ജൻഡർ ഫെസ്റ്റ് 2012' എന്ന പരിപാടി കോഴിക്കോട് സംഘടിപ്പിക്കുകയുണ്ടായി. കോഴിക്കോട് നഗരസഭയുടെ അധീനതയിലുള്ള സ്വപ്ന-നഗരിയായിരുന്നു ഫെസ്റ്റിന്റെ പ്രധാനവേദി. ഇതുകൂടാതെ ജാഫർഖാൻ കോളനി, നളന്ദ ഓഡിറ്റോറിയം, കൈരളി ശ്രീ തീയേറ്ററുകൾ, കോഴിക്കോട് ബീച്ച്, വെള്ളിമാട് കുന്നിലെ രണ്ട് വേദികൾ തുടങ്ങിയവ ജൻഡർ ഫെസ്റ്റ് 2012 നടത്തുന്നതിന് തെരഞ്ഞെടുത്തിരുന്നു. ഇതിനോടനുബന്ധിച്ച് ഫെസ്റ്റിവലുകൾ, ഗ്രൂപ്പ് ചർച്ചകൾ, കലാപരിപാടികൾ, പ്രദർശനങ്ങൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, പുസ്തക പ്രകാശനം തുടങ്ങിയവ നടത്തിയിരുന്നു. |

**സെക്ഷൻ ഓഫീസർ**